(ഇ) മലബാർ സിമന്റ്സിൽ നിയമവിരുദ്ധമായി നിയമനങ്ങൾ നടക്കുന്നു എന്നു ആരോപിച്ച് പ്രക്ഷോഭങ്ങൾ നടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇക്കാര്യത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ) മലബാർ സിമന്റ്സിൽ 134 മാനേജേരിയൽ തസ്തികകളുൾപ്പടെ 1089 പേർ ഇപ്പോൾ പണിയെടുക്കുന്നുണ്ട്.

(ബി) പൊതുമേഖലയിലെ നിയമനങ്ങൾ സംബന്ധിച്ച 28-2-1992-ലെ സർക്കുലർ നം. 14896/BPE2/91/Plg. പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് മലബാർ സിമന്റ്സിലെ നിയമനങ്ങൾ നടത്തുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലബാർ സിമന്റ്സിൽ 56 പേരെ സ്ഥിര ഒഴിവുകളിലേയ്ക്കും 27 പേരെ താൽക്കാലിക ഒഴിവുകളിലേയ്ക്കും നിയമിച്ചിട്ടുണ്ട്.

(ഡി) നിയമനങ്ങളിൽ സംവരണം തത്വം പാലിക്കാറുണ്ട്.

(ഇ) ഉണ്ട്.

(എഫ്) റിട്ടയർമെന്റ് മൂലം കമ്പനിയിൽ ഉണ്ടായിട്ടുള്ള വിവിധ ഒഴിവുകളിൽ യോഗ്യരായവരെ താഴ്ന്ന തസ്തികകളിൽനിന്നും ഉയർന്ന തസ്തികകളിലേയ്ക്ക് പ്രമോഷൻ നൽകിയതുമൂലം ഉണ്ടായ മസ്ദൂർ ഒഴിവുകളിലേയ്ക്ക് നിയമനം നടത്താനാണ് കമ്പനി നടപടികൾ സ്വീകരിച്ചത്. പുതുതായി തസ്തികകൾ ഒന്നും തന്നെ സൃഷ്ടിച്ചിട്ടില്ല. മുൻകാലങ്ങളിൽ മസ്ദൂർമാരെ തെരഞ്ഞെടുക്കാൻ സ്വീകരിച്ച അതേ നടപടിക്രമങ്ങൾ തന്നെയാണ് ഈ അവസരത്തിലും കമ്പനി സ്വീകരിച്ചത്. എന്നാൽ പരാതികൾ ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് മസ്ദൂർ തസ്തികയിലെ നിയമന നടപടികൾ നിറുത്തിവെയ്ക്കുവാൻ പറഞ്ഞിട്ടുണ്ട്.

മലബാർ സിമൻറ്സിലെ ക്രമക്കേടുകൾ

107 [1288] ശ്രീ. എ. കെ. ബാലൻ:

,, വി. കെ. ചന്ദ്രൻ:

,, വി. ചെന്താമരാക്ഷൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) മലബാർ സിമന്റ് സിന്റെ പ്രവർത്തനത്തിൽ ക്രമക്കേടുകൾ നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കേസ്സുകളാണ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്;

(സി) കമ്പനി ഇപ്പോൾ പ്രവർത്തിക്കുന്നത് നഷ്ടത്തിലാണോ; ഇപ്പോഴത്തെ പ്രവർത്തന നഷ്ടത്തിന്റെ കാരണങ്ങൾ സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതെക്കുറിച്ച് വിശദമാക്കാമോ;

(ഡി) കമ്പനിയുടെ നവീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു നടന്ന ക്രമക്കേടുകൾ എന്തെല്ലാമാണ്; പ്രസ്തുത പ്രവർത്തിക്ക് കൺസൾട്ടൻസി നിർദ്ദേശിച്ചതിനേക്കാൾ കൂടുതൽ ചെലവ് വരികയുണ്ടായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവർത്തികൾക്ക്;

(ഇ) കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ എന്തെല്ലാം ക്രമക്കേടുകൾ ഉന്നയിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കമ്പനിയുടെ പ്രവർത്തനത്തിൽ ക്രമക്കേടുകൾ നടക്കുന്നതായി ആരോപിച്ച് ചില പരാതികൾ സർക്കാരിന് കിട്ടിയിട്ടുണ്ട്.

(ബി) മലബാർ സിമന്റ് സിന്റെ ചേർത്തല യൂണിറ്റിലെ സിവിൽ വർക്കുകളെ സംബന്ധിച്ചും, അവിടെയുള്ള തൊഴിലാളികളെ നിയമിച്ചതു സംബന്ധിച്ചും, വാളയാർ ഫാക്ടറിയിലെ ഡെപ്യൂട്ടി ജനറൽ മാനേജർ തസ്തികയിലേയ്ക്കുള്ള പ്രമോഷൻ സംബന്ധിച്ചും മറ്റുമാണ് പരാതികൾ.

(സി) അല്ല, ലാഭത്തിലാണ്.

(ഡി) നവീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ നടന്നിട്ടില്ല. പ്രസ്തുത നവീകരണത്തിനുവേണ്ടി കൺസൾട്ടൻസി സ്ഥാപനങ്ങളെ നിയമിച്ചിരുന്നില്ല.

(ഇ) മിച്ച തുകകൾ അധികം പലിശ ലഭിക്കുന്ന സർക്കാർ ട്രഷറികളിൽ നിക്ഷേപിക്കാതിരുന്നതും ട്രാൻസ്പോർട്ടിംഗിൽ വന്ന നഷ്ടം, ജിപ്സത്തിന്റെ ഉപയോഗം, കൽക്കരി വാങ്ങുന്നതിലെ അപാകതകൾ,സിമന്റിന്റെ പ്രൈസിംഗ് പോളിസി, കമ്പനി വക മൈനുകളിലെ ഖനനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ഫ്ളൈ ആഷിന്റെ ഉപയോഗം എന്നിവ സംബന്ധിച്ചാണ് സി. ആന്റ് എ. ജി. മുഖ്യമായും ചൂണ്ടിക്കാണിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly